സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

September 2024
Vol. 1 Issue 1 pages

പാലൈ
PALAI பாலை

# ആറാട്ടുപുഴ വേലായുധപണിക്കരും ജാതീയ പോരാട്ടങ്ങളും



വിനീത പി.ജെ പാല്യത്ത് *

**സംഗ്രഹം**

കേരള നവോത്ഥാന പ്രസ്ഥാന പ്രക്രീയയ്ക്ക് അസ്തിവാരമിട്ട മഹാത്മാക്കളിൽ ഒരാളായിരുന്ന ആറാട്ടുപുഴ വേലായുധ പണിക്കർ പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യവേളയിൽ കൊളോണിയൽ ജീവിതസാഹചര്യങ്ങളിൽ പോലും വ്യത്യസ്തമായി നിന്ന്, അടിമത്തത്തിനും ജാതീയതയ്ക്കുമെതിരെ പോരാടി ഒരു കൂട്ടം ജനതകളുടെ വീരനായകനായി മാറിയ വേലായുധപണിക്കരെ മറന്നുകൊണ്ട് കേരള ജനതയുടെ ജീവിതത്തെയും സംസ്കാരത്തെപ്പറ്റിയും പഠിക്കുക സാധ്യമല്ല. "മനസ്സിന്റെ മാറ്റം മാത്രമേ സമൂഹത്തിന്റെ മാറ്റത്തിലേക്ക് വഴി തെളിയിക്കുകയുള്ളൂ. മാറ്റമാകട്ടെ പ്രവർത്തിയിലൂടെയാണ് സാധ്യമാക്കേണ്ടത്." ആറാട്ടുപുഴ വേലായുധ പണിക്കർ എന്ന മഹാൻ തനിക്കുണ്ടായ തിരിച്ചറിവുകൾ സമൂഹത്തിൽ വലിയ മാറ്റങ്ങൾക്കും മുന്നേറ്റങ്ങൾക്കും കാരണമായിത്തീരുന്ന വിധത്തിൽ പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ പ്രവർത്തികളാവട്ടെ വലിയ ജാതിയപോരാട്ടങ്ങൾക്കാണ് തുടക്കംകുറിച്ചത്.

താക്കോൽ വാക്കുകൾ: ജാതി, കൊളോണിയലിസം, ഹിന്ദുത്വം, അധീശത്വം

പത്താം നൂറ്റാണ്ടോടെ ബൗദ്ധ ജൈനമത സഭ്യതകളെ വംശഹത്യ ചെയ്ത് കേരളത്തിൽ സ്ഥാപിക്കപ്പെട്ട ബ്രഹ്മണിക ജാതി ഹിന്ദുത്വത്തിന്റെ കിരാതമായ പൗരോഹിത്യ-പടയാളി സംബന്ധമായ കാഴ്ചയുടേയും അധീശവാഴ്ചയുടേയും ഇരുട്ടിനെ ധീരമായി ഭേദിച്ചുകൊണ്ട് ജാതിയേയും പൗരോഹിത്യ-പടയാളി ആണത്തത്തേയും വെല്ലുവിളിച്ച അനിഷേധ്യ ശബ്ദവും പരിവർത്തന കർതൃത്വമായിരുന്ന ആറാട്ടുപുഴ കല്ലിശ്ശേരി വേലായുധ ചേകവർ (1825-1847. ശ്രീ. നാരായണഗുരു ജനിക്കുന്നതിനു മുമ്പ് തന്നെ അവർണർക്കായി അമ്പല പ്രതിഷ്ഠയും രാപ്പള്ളിക്കൂടവും വായനശാലയും കളിയോഗവും

* അസി. പ്രൊഫ. സെന്റ് മൈക്കിൾസ് കോളേജ്, ചേർത്തല
കൃതികൾ: സഫലം (കവിതാ സമാഹാരം), ജാലകം (കവിതാ സമാഹാരം),
വർത്തമാനകാല സ്ത്രീ ആത്മകഥകളുടെ സാംസ്കാരിക പരിപ്രേക്ഷ്യം (പഠനം),
The legend : Artatupuzha Velayudha Panicker (Study), പരോൾ (നോവൽ)

സ്ഥാപിച്ച നവോത്ഥാന കർതൃത്വമാണദ്ദേഹം. ബി.സി മൂന്നാം നൂറ്റാണ്ടിലെ 'കേരപുത്തോത്ത്' എന്ന അശോക പരമാർശത്തിലൂടെ ചരിത്രത്തിൽ അടയാളപ്പെടുത്തുന്ന പ്രബുദ്ധ കേരളത്തെ ജാതിയുടെ കേളീരംഗമായി മാറ്റിയ പൗരോഹിത്യ-പടയാളി വാഴ്ചയുടെ കട്ടപിടിച്ച ഇരുട്ടിനെ അടിച്ചുടച്ചു കൊണ്ടാണ് വേലായുധച്ചേകവരുടെ പ്രവർത്തനങ്ങൾ കായംകുളം, കാർത്തികപ്പള്ളി പ്രദേശങ്ങളിൽ ഉയർന്നുവന്നത്. നാരായണഗുരുവിനേയും അയ്യങ്കാളിയേയും സഹോദരൻ അയ്യപ്പനേയും പ്രചോദിപ്പിക്കാൻ തക്കവിധമായിരുന്നു അദ്ദേഹത്തിന്റെ സാംസ്ക്കാരിക രാഷ്ട്രീയ പോരാട്ടങ്ങൾ.

മാറുമറയ്ക്കാനും ഉണിയുടുക്കാനുമായി നടത്തിയ ഏത്താപ്പു സാരവും കല്ലുമാലസമരവും തുടർന്നു നടന്ന മൂക്കുത്തി സമരവും കാർഷിക സമരവും കഥകളി വ്യവഹാര വഴക്കമെല്ലാം അദ്ദേഹത്തിന്റെ പോരാട്ടങ്ങളായിരുന്നു. ജാതി ഹിന്ദുത്വത്തിനും ഹൈന്ദവ ദുഷ്പ്രഭുത്വത്തിനുമെതിരേ വർണാശ്രമ ധർമത്തേയും ബ്രഹ്മണിസത്തേയും ശൂദ്ര ഹിന്ദുത്വത്തേയും ചെറുത്തുകണ്ട് ജീവിതം മുഴുവൻ പോരാടിയ ധീരമായ രക്തസാക്ഷിത്വം വഹിച്ച അനശ്വരനായ നവോത്ഥാന ജനനേതാവാണദ്ദേഹം. ആറാട്ടുപുഴ വേലായുധ പണിക്കരുടെ പോരാട്ടങ്ങളെല്ലാം താണജാതിയിൽപ്പെട്ടവർ എന്നറിയപ്പെട്ട ജനതയുടെ സാംസ്കാരിക-സാമൂഹിക-വിദ്യാഭ്യാസ മുന്നേറ്റങ്ങൾക്കു വേണ്ടി മാത്രമായിരുന്നു.

സമൂഹത്തിന്റെ മാറ്റത്തിനായി ആയുധമെടുത്ത അദ്ദേഹത്തിന്റെ പോരാട്ടങ്ങളിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു.

## ക്ഷേത്രസ്ഥാപനം

വേലായുധ പണിക്കർ മംഗലത്ത് ഇടയ്ക്കാട്ട് ഒരു ശിവക്ഷേത്രം സ്ഥാപിച്ചു മറ്റത്തിൽ വിശ്വനാഥ ഗുരുക്കളാണ് അതിന്റെ പ്രതിഷ്ഠാകർമ്മം നിർവഹിച്ചത് 1851 ൽ ആയിരുന്നു അത്. അക്കാലത്ത് ഈഴവർ ആരും ഒരു ശിവക്ഷേത്രത്തെപ്പറ്റി ചിന്തിച്ചിട്ടുപോലുമില്ല. അവരുടെ ദൈവം മാടൻ, മറുത, ചാത്തൻ, ചാമുണ്ടി തുടങ്ങിയവരായിരുന്നു.

ശിവനും, രാമനും, കൃഷ്ണനും, വിഷ്ണുവും സവർണരുടെ മാത്രം ദൈവങ്ങളായിരുന്നു. അവരെ പ്രതിഷ്ഠിച്ചിരുന്നിടത്തേയ്ക്ക് എത്തിനോക്കാൻ പോലും അവർണർ ധൈര്യപ്പെട്ടിരുന്നില്ല ആ ക്ഷേത്രത്തിനടുത്തുകൂടി സഞ്ചരിക്കാൻ പോലും അവർണർക്ക് സ്വാതന്ത്ര്യമില്ല. അതിനുവേണ്ടിയാണല്ലോ വൈക്കത്ത് 1924-25 കാലത്ത് ഒരു സത്യാഗ്രഹം നടത്തിയത് എന്നാൽ അതിനും മുക്കാൽ നൂറ്റാണ്ടു മുമ്പാണ് പണിക്കർ സ്വന്തമായി ഒരു ശിവക്ഷേത്ര സ്ഥാപനം നടത്തിയത്. അതായത് ശ്രീനാരായണ ഗുരു അരുവിപ്പുറത്ത് ശിവലിംഗ പ്രതിഷ്ഠ നടത്തുതിന് 37 വർഷം മുമ്പാണ് ഇത് നടന്നത്. ഒരു പക്ഷേ അരുവിപ്പുറം പ്രതിഷ്ഠയ്ക്ക് നാരായണ ഗുരുവിന് പ്രേരണയായത് വേലായുധപ്പണിക്കരുടെ ഈ പ്രവർത്തിയാകാം.

ക്ഷേത്രത്തെപ്പറ്റിയും ക്ഷേത്രസ്ഥാപനത്തെപ്പറ്റിയും മുൻ ധാരണയില്ലാതിരുന്ന വേലായുധപ്പണിക്കർ വൈക്കം ശിവക്ഷേത്രത്തിൽപോയി ആൾമാറാട്ടം നടത്തി തപസ്സിരിക്കുകയും തപസ്സിനിടയിൽ അവിടുത്തെ ക്ഷേത്രാചാരങ്ങൾ നേരിൽകണ്ടു മനസ്സിലാക്കുകയും പഠിക്കുകയും ചെയ്തു. അവസാനം താനൊരു ഈഴവനാണെന്ന് ക്ഷേത്രാധികാരികളെ അറിയിക്കുകയും ക്ഷേത്രശുദ്ധീകരണ പ്രക്രിയയ്ക്കായി ഒരു പണക്കിഴി നൽകുകയും ചെയ്തു.

## ഏത്താപ്പു സമരം

ഈഴവ സ്ത്രീകൾക്ക് മാറിനുമുകളിൽ ഒരു തുണിക്കഷണം ധരിക്കാൻ പോലും അക്കാലത്ത് സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. അങ്ങനെയിരിക്കെ ഒരു സ്ത്രീ ഒരു കഷണം തുണികൊണ്ട് മാറുമറച്ച് നടന്നു. സവർണർ അത് വലിച്ചുകീറുകയും മാറിൽ മുലഞെട്ടിൽ വെള്ളക്കാത്തോട് പിടിപ്പിച്ചു വിടുകയും ചെയ്തു. അതിനെതിരെ വേലായുധപണിക്കർ നടത്തിയ സമരമാണ് ഏത്താപ്പു സമരം എന്നറിയപ്പെട്ടത്. അവർണ സ്ത്രീകൾ ശരീരം മറയ്ക്കാൻ പാടുള്ളതല്ല എന്നതായിരുന്നു സവർണരുടെ നിയമം. എന്നാൽ വേലായുധപ്പണിക്കർ അതിനെതിരെ പോരാടി അവർണ സ്ത്രീകൾക്ക് ആ സ്വാതന്ത്ര്യം നേടിക്കൊടുത്തു.

## മുക്കുത്തി വഴക്ക്

അവർണർക്ക് വസ്ത്രം ധരിക്കാൻ പോലും അവകാശമില്ലാതിരുന്ന കാലത്ത് സ്വർണ്ണാഭരണങ്ങൾ ധരിക്കാൻ സ്വാതന്ത്ര്യമുണ്ടാകില്ലല്ലോ. കടുക്കനോ അതുപോലെയുള്ള എന്തെങ്കിലുമോ ധരിക്കുന്നതിന് രാജാവിന്റെ പ്രത്യേക അനുവാദം ആവശ്യമായിരുന്നു. അതിനായി രാജാവിന് ചെറുതല്ലാത്ത ഒരു പണക്കിഴി സമർപ്പിക്കുകയും ചെയ്യണമായിരുന്നു. അപൂർവം ചില ഈഴവർ അക്കാലത്ത് പണക്കിഴികൊടുത്ത് സ്വർണ്ണത്തിന്റെ കടുക്കൻ ധരിക്കാനുള്ള അവകാശം സമ്പാദിച്ചിരുന്നു. അവരൊക്കെ ഈഴവരിലെ പ്രധാനിമാർ ആയിരുന്നു. സ്ത്രീകളുടെ അവസ്ഥ മറിച്ചായിരുന്നു. അപ്പോഴാണ് പന്തളത്ത് ഒരു ഈഴവ യുവതി സ്വർണ്ണം കൊണ്ടുള്ള ഒരു മുക്കുത്തി ധരിച്ച് വഴിയിലൂടെ നടന്നത്. അതുകണ്ട നായർ യുവാക്കൾ അവളെ ആക്രമിക്കുകയും ആ സ്ത്രീയുടെ മൂക്കിന്റെ ഒരു ഭാഗം മുക്കുത്തിയുൾപ്പെടെ ഛേദിച്ചു നിലത്തിട്ടു ചവിട്ടിയരച്ചു. ഈ വിവരമറിഞ്ഞ് വേലായുധപണിക്കർ ഉടനെതന്നെ ഒരു വട്ടി നിറയെ സ്വർണ്ണം കൊണ്ടുള്ള മുക്കുത്തി പണിയിപ്പിക്കുകയും. അതുമായി പന്തളത്ത് എത്തുകയും എല്ലാ അവർണ്ണ സ്ത്രീകൾക്കും മൂക്കുകുത്തി മുക്കുത്തി അവരെ അണിയിക്കുകയും ചെയ്തു. അതുപോരാഞ്ഞ് മൂക്കുത്തിയണിയിച്ച് അവരെ വഴിയിൽ ഇറക്കി നടത്തിച്ചു. അവരുടെ മുക്കുത്തി പറിക്കാൻ ധൈര്യമുള്ളവർ വരട്ടെയെന്ന് വെല്ലുവിളിക്കുകയും ചെയ്തു. 1860 ൽ ആണ് ഇത് നടക്കുന്നത്. ആരുംത ന്നെ വേലായുധപ്പണിക്കരെ എതിർക്കാൻ വന്നില്ല. അതോടെ അവർണർക്ക് സ്വർണ്ണാഭരണം ധരിക്കാം എന്ന അവസ്ഥയായി.

## കഥകളിയോഗം

അക്കാലത്ത് നായർക്കും നമ്പൂതിരിമാർക്കും വലിയ കഥകളി പ്രേമമായിരുന്നു. മിക്കവാറും എല്ലാ നമ്പൂതിരി ഇല്ലങ്ങളിലും മനകളിലുമെല്ലാം വിശേഷാവസരങ്ങളിൽ കഥകളി നടത്തുക പതിവായിരുന്നു. എന്നാൽ അത് കാണാനോ കളിക്കാനോ അവർണർക്ക് അവകാശം ഉണ്ടായിരുന്നില്ല. എന്നാൽ ഈ എതിർപ്പ് വേലായുധപണിക്കർ ഒരു വെല്ലുവിളിയായി ഏറ്റെടുത്തു. അദ്ദേഹം കഥകളിയോഗം സ്ഥാപിക്കുകയും അവരെ കഥകളി പരിശീലിപ്പിക്കുകയും കഥകളി ആടിക്കുകയും ചെയ്തു. വലിയ എതിർപ്പുകൾ സവർണരുടെ ഭാഗത്ത് നിന്ന് ഉണ്ടായി. അവരുടെ മാത്രം കുത്തകയായിരുന്ന കലാരൂപങ്ങൾ കൂടി അവർണരുടെയും അവകാശമായി മാറുന്നത് അവർക്ക് ചിന്തിക്കാനാവുതിനപ്പുറമായിരുന്നു എന്നാൽ വലിയ എതിർപ്പുകൾക്കേശേഷം ദിവാൻ മാധവറാവു വേലായുധപ്പണിക്കർക്ക് അനുകൂലമായി വിധിയെഴുതി. അതോടെ കീഴ് ജാതിക്കാർക്ക് കഥകളി പഠിച്ച് അവതരിപ്പിക്കാനുള്ള വിലക്ക് എന്നെന്നേക്കുമായി അവസാനിച്ചു.

ആറാട്ടുപുഴ വേലായുധപ്പണിക്കരെക്കുറിച്ച് ഇനിയുമൊട്ടേറെ കാര്യങ്ങൾ പറയുവാനുണ്ട്. അദ്ദേഹം നടത്തിയ പോരാട്ടങ്ങളിൽ ചിലതുമാത്രമേ ഇവിടെ പരാമർശിച്ചിട്ടുള്ളു. അവർണരുടെ സ്വാതന്ത്ര്യത്തിനും സമത്വത്തിനും ഉന്നമനത്തിനും വേണ്ടി പോരാടി രക്തസാക്ഷിത്വം വരിച്ച ആ വീരനായകൻ സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടി പോരാടിയ കേരള നവോത്ഥാന നായകന്മാരിൽ പ്രഥമ വ്യക്തിയാണ്. ഏറെനാൾ വിസ്മൃതിയിലാണ്ടു കിടന്ന ആ മഹാന്റെ ജീവിതം തന്നെ ഒരു പോരാട്ടമായിരുന്നു. 1874 ജനുവരിയിൽ ഒരു വിശ്വസ്തന്റെ കൈയാൽ ചതിയിലൂടെ അദ്ദേഹം വധിക്കപ്പെട്ടു. വരുംതലമുറയുടെ ചരിത്ര പഠനത്തിൽ വേലായുധപണിക്കരുടെ സ്ഥാനം ഇനിയും ഒളിച്ചുവെക്കപ്പെടാനുള്ളതല്ല. അതുകൊണ്ട് തന്നെ ഇനിയുമേറെ പഠിക്കപ്പെടേണ്ട മഹത്‌വ്യക്തിയായി അദ്ദേഹത്തിന്റെ ജീവിതം മാറ്റപ്പെടുമെന്നതിൽ സംശയമില്ല.

റഫറൻസ്

1. The Legend – Artatupuzha Velayudha Panicker, Vineetha Paliyath
2. ആറാട്ടുപുഴ വേലായുധ പണിക്കർ – ദളിത് ബന്ധു എൻ. കെ ജോസ്
3. അഭിമുഖം – ഡോ: രാജൻ ഗുരുവംശി (നോവലിസ്റ്റ്,
4. അഭിമുഖം – ഡോ: അജയ് ശേഖർ (ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി)